7 (1599) ഫയലുകളുടെ ഫോട്ടോ കോപ്പി നൽകാൻ നടപടി

ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) രഹസ്യസ്വഭാവമില്ലാത്ത ഫയലുകളുടെ ഫോട്ടോ കോപ്പികൾ അപേക്ഷകന് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ മലയാളം നിർബന്ധ മാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫയലിലെ വിവരങ്ങൾ അപേക്ഷകന് നൽകുന്നത് സംബ ന്ധിച്ച് ഭരണപരിഷ്ക്കാരകമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 67 വകുപ്പുകളിലും അതോട് ബന്ധപ്പെട്ട സെക്രട്ട റിയേറ്റ് വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറുപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

8 (1600) ചെലവ് ചുരുക്കൽ നടപടികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവുചുരുക്കലിന്റെ ഭാഗമായി മന്ത്രിമാരു ടെയും ഉദ്യോഗസ്ഥൻമാരുടെയും വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടു ത്തുമോ;

(ബി) ഉദ്യോഗസ്ഥൻമാരുടെ സംസ്ഥാനത്തിനുപുറത്തുള്ള യാത്ര കൾക്ക് സക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങണമെന്ന് കർശനമായ നിർദ്ദേശം നൽകുമോ;

(സി) സർക്കാർ വക വാഹനങ്ങളുടെ ഉപയോഗത്തിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുമോ;

(ഡി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് കർശ നമായ നിർദ്ദേശം നൽകുമോ;

(ഇ) പുതിയ സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന വ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരി ക്കുമോ;

(എഫ്) പുതിയ ടെലിഫോൺ അനുവദിക്കുന്നതിന് കർശനമായ നിയ ന്ത്രണം ഏർപ്പെടുത്തുമോ;

(ജി) വകുപ്പു മേധാവികൾക്ക് മാത്രം എസ്.ടി.ഡി. ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം I
1062/2010.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

28.12.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (1599) കാണുക

മലയാളം ഭരണഭാഷയാക്കിയിട്ടുള്ള സംസ്ഥാനത്തെ വകുപ്പുകൾ

1.9.1985 മുതൽ (1.8.85-ലെ 7223/ഔഭാ3/85/ഉഭപവ. നമ്പർ വിജ്ഞാപനം)

1. പഞ്ചായത്ത്
2. മുനിസിപ്പൽ ഭരണം
3. വനം
4. സഹകരണം
5. ഹരിജനക്ഷേമം
6. ഗിരിജനക്ഷേമം
7. മത്സ്യബന്ധനം
8. ആർക്കിയോളജി

1.11.87 മുതൽ (12.10.87-ലെ 7256/ഔഭാ3/85/ഉഭപവ. നമ്പർ വിജ്ഞാപനം)

9. ജയിൽ
10. ഹിന്ദുമത ധർമ്മസ്ഥാപനം
11. പബ്ലിക് റിലേഷൻസ്
12. അളവുകളും തൂക്കങ്ങളും
13. പുരാരേഖ
14. ക്ഷീരവികസനം
15. മൃഗസംരക്ഷണം
16. ഭവനനിർമ്മാണം
17. സാമൂഹ്യക്ഷേമം
18. രജിസ്ട്രേഷൻ

1.11.89 മുതൽ (6.10.89-ലെ 5905/ഔഭാ3/98/ഉഭപവ

19. റവന്യൂ
20. കൃഷി
21. ഗ്രാമവികസനം
22. ഭക്ഷ്യവും സിവിൽസപ്ലൈസും
23. തൊഴിൽ
24. പൊതുവിദ്യാഭ്യാസം
25. നാട്ടുചികിത്സ
26. ജലഗതാഗതം
27. സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

28. നികുതി
29. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
30. സാംസ്കാരിക പ്രസിദ്ധീകരണം
31. കാഴ്ചബംഗ്ലാവും മൃഗശാലയും

1.1.1992 മുതൽ (20.12.91-ലെ 7972/ഔഭാ3/91/ഉഭവ. നമ്പർ വിജ്ഞാപനം)

32. പ്രിന്റിംഗ്
33. സ്റ്റേഷനറി
34. ടൗൺപ്ലാനിംഗ്
35. ഹോമിയോപ്പതി
36. ഭൂഗർഭജലം
37. ഭാഗ്യക്കുറി
38. ലോക്കൽഫണ്ട്
39. ഹയർ സർവ്വീസ്
40. പബ്ലിക് ലൈബ്രറി
41. എക്സൈസ്
42. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
43. ദേശീയസമ്പാദ്യം

1.12.1993 മുതൽ (1.12.93-ലെ 3721/ഔഭാ3/93/ഉഭവ. നമ്പർ വിജ്ഞാപനം)

44. എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45. സ്പോർട്സും യുവജനകാര്യവും
46. കോളേജ് വിദ്യാഭ്യാസം
47. സാങ്കേതിക വിദ്യാഭ്യാസം
48. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
49. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50. ഫാക്ടറികളും ബോയിലറികളും
51. ഗവ. അനലിറ്റിക്കൽ ലാബോറട്ടറി
52. തുറമുഖ എഞ്ചിനീയറിംഗ്
53. ആരോഗ്യം
54. വ്യവസായവും വാണിജ്യവും
55. ഇൻഷ്വറൻസ്
56. കേരള ഗസറ്റിയേഴ്സ്
57. മെഡിക്കൽ വിദ്യാഭ്യാസം
58. മൈനിംഗും ജിയോളജിയും
59. മോട്ടോർ വാഹനം
60. പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

61. തുറമുഖം
62. പബ്ലിക് ഹെൽത്ത് ലാബോറട്ടറി
63. പൊതുമരാമത്ത്
64. ഇറിഗേഷനും പ്രോജക്ടുകളും
65. സൈനികക്ഷേമം
66. ട്രഷറി
67. വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly